വളർത്തു മൃഗത്തിന് ചികിത്സ നൽകിയില്ല: മൃഗഡോക്ടർക്കെതിരേ നടപടിയുമായി പഞ്ചായത്ത്

കിളിമാനൂർ: വളർത്തു മൃഗത്തിന് ചികിത്സ നൽകാത്ത മൃഗഡോക്ടർക്കെതിരേ നടപടിയുമായി പഞ്ചായത്ത്.

കിളിമാനൂർ മഹാദേവേശ്വരം സർക്കാർ മൃഗാശുപത്രിയിലെ ഡോക്ടർക്കെതിരെയാണ് പഴയകുന്നുമ്മേൽ പഞ്ചായത്ത് നടപടിയ്ക്ക് ഒരുങ്ങിയത്.

കഴിഞ്ഞ ദിവസം വൈകുന്നേരം മൂന്നിന് അബ്ദുൾ വഹാബ് എന്ന കർഷകൻ തന്റെ വളർത്തുമൃഗമായ മൂന്ന് ദിവസം പ്രായമുള്ള ആടിൻകുട്ടിയെ ചികിൽസയ്ക്കായി ആശുപത്രിയിൽ എത്തിച്ചു.

എന്നാൽ ആശുപത്രിയുടെ പ്രവർത്തന സമയം കഴിഞ്ഞെന്നും ഇനി ചികിത്സിയക്കാൻ കഴിയില്ലെന്നും പറഞ്ഞ് ഡോക്ടർ ഉടമയെ മടക്കി അയച്ചു.

ഇതേ തുടർന്ന് ആടിൻകുട്ടിയേയും കൂട്ടി ഉടമ പഞ്ചായത്ത് ഓഫീസിലെത്തി പരാതി നൽകി. വിഷയം ചർച്ച ചെയ്ത് ഡോക്ടർക്കെതിരേ നടപടിക്ക് ശുപാർശ ചെയ്തു. തുടർന്ന് ഡോക്ടർക്ക് കാരണം കാണിയ്ക്കൽ നോട്ടീസ് നൽകുകയും ചെയ്തു.

വെങ്കമംബയുടെ ഛായാചിത്രം സമർപ്പിച്ചതിന് മിക്സഡ് മീഡിയ ആർട്ടിസ്റ്റ് കൃഷ്ണപ്രിയയെ തിരുമല തിരുപ്പതി ദേവസ്ഥാനത്ത് പ്രോഗ്രാം ഓഫീസർ രാജഗോപാൽ ആദരിച്ചപ്പോൾ.

തിരുവിതാംകൂർ സഹകരണ സംഘം തട്ടിപ്പ്

ക്രൈംബ്രാഞ്ച് അന്വേഷണത്തിനുള്ള നടപടികൾ ആരംഭിച്ചു

തിരുവനന്തപുരം: തിരുവിതാംകൂർ സഹകരണ സംഘം തട്ടിപ്പിൽ ക്രൈംബ്രാഞ്ച് അന്വേഷണത്തിനുള്ള നടപടികൾ ആരംഭിച്ചു. ഫോർട്ട് പോലീസിന്റെ ശുപാർശ പ്രകാരം സിറ്റി പോലീസ് കമ്മീഷണറാണ് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തണമെന്ന് കാട്ടി സംസ്ഥാന പോലീസ് മേധാവിക്ക് കേസ് ഫയൽ കൈമാറാനുള്ള നടപടികൾ കൈക്കൊണ്ടത്.

തട്ടിപ്പുമായി ബന്ധപ്പെട്ട് ഇതുവരെ 25 കേസുകളാണ് രജിസ്റ്റർ ചെയ്തത്. ചെങ്കലിലെ സഹകരണ യൂണിയൻ ഓഫീസിൽ ഇന്നലെ സഹകരണ ജോയിന്റ് രജിസ്ട്രാർ നിക്ഷേപകരിൽ നിന്നും വിവരശേഖരണം നടത്തി. പ്രത്യേക മീറ്റിംഗും കൂടി. സഹകരണ നിയമപ്രകാരമുള്ള നടപടികൾ കൈക്കൊള്ളുമെന്ന് ഉദ്യോഗസ്ഥർ നിക്ഷേപകരെ അറിയിച്ചു.

ഓരോ ദിവസവും പോലീസ് സ്റ്റേഷനിൽ ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിൽ ദിനംപ്രതി കേസ് രജിസ്റ്റർ ചെയ്ത് വരികയാണ്. ഫോർട്ട്, മെഡിക്കൽ കോളജ് പോലീസ് സ്റ്റേഷനുകളിലാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

24 കേസ് ഫോർട്ട് സ്റ്റേഷനിലും ഒരു കേസ് മെഡിക്കൽ കോളജ് പോലീസ് സ്റ്റേഷനിലുമാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇത്രയും വലിയതുകയുടെ തട്ടിപ്പ് അന്വേഷിക്കേണ്ടത് ക്രൈംബ്രാഞ്ച് ആണ്.

ലോക്കൽ പോലീസിന് കേസ് അന്വേഷണത്തിനും ക്രമസമാധാനപാലനചുമതലയും കൂടിയുള്ളതിനാൽ ജോലി ഭാരം കൂടും.

മൂന്ന് കോടിയിൽപ്പരം രൂപയിലധികം തട്ടിപ്പ് റിപ്പോർട്ട് ചെയ്താൽ അന്വേഷണം ക്രൈംബ്രാഞ്ചിന് വിടണമെന്നാണ് നിയമം. തിരുവിതാംകൂർ സഹകരണ സംഘം തട്ടിപ്പിൽ ഇവരുടെ കണ്ണമ്മൂല, ശാസ്തമംഗലം, ആറ്റുകാൽ ഉൾപ്പെടെയുള്ള ബ്രാഞ്ചുകളിലും തട്ടിപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാറുടെ നേതൃത്വത്തിൽ വകുപ്പ് തല അന്വേഷണവും പുരോഗമിക്കുകയാണ്. സംഘം പ്രസിഡന്റ്, സെക്രട്ടറി കൂടാതെ ബോർഡ് അംഗങ്ങൾ ഉൾപ്പെടെ പതിനൊന്നു പേർക്കെതിരെയാണ് കേസുകൾ രജിസ്റ്റർ ചെയ്തിരിക്കുന്നത്. പ്രതികളെല്ലാം ഒളിവിലാണ്.

ബിജെപി നേതാക്കളും പ്രവർത്തകരും ഉൾപ്പെടെയുള്ളവരാണ് പ്രതിപട്ടികയിലുള്ളത്. സർവീസിൽ നിന്നും വിരമിച്ച വരാണ് തട്ടിപ്പിന് കൂടുതൽ ഇരകളായിരിക്കുന്നത്.

പ്രമുഖ ബിജെപി നേതാക്കൾ ഭാരവാഹികളാണെന്ന് വിശ്വസിച്ചാണ് പലരും വലിയ തുകകൾ നിക്ഷേപിച്ചത്. കാലാവധി പൂർത്തിയായി നിക്ഷേപ തുക ആവശ്യപ്പെട്ട് ചെന്നപ്പോൾ തുക ലഭിക്കാതായതോടെയാണ് നിക്ഷേപകർ പോലീസിൽ പരാതിയുമായി രംഗത്തെത്തിയത്. ഭരണസമിതിയുടെ കാലാവധി കഴിഞ്ഞതിനെ തുടർന്ന് ഇപ്പോൾ സംഘത്തിന്റെ ഭരണം അഡ്മിനിസ്ട്രേറ്ററാണ് നിയന്ത്രിക്കുന്നത്.

വഞ്ചിയൂർ, കണ്ണമ്മൂല, വെള്ളനാട്, മണക്കാട്, ശാസ്തമംഗലം ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവരാണ് നിലവിൽ പണം നഷ്ടപ്പെട്ടതിന് കേസ് കൊടുത്തിരിക്കുന്നത്. നൂറിൽപ്പരം നിക്ഷേപകർക്ക് പണം കൊടുക്കാനുണ്ടെന്നും കുടുതൽ പേർ വരും ദിവസങ്ങളിൽ പരാതിയുമായി രംഗത്ത് വരുമെന്നും നിക്ഷേപകർ വ്യക്തമാക്കി.

തങ്ങൾക്ക് നഷ്ടപ്പെട്ട പണം വീണ്ടെടുത്ത് നൽകാൻ സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നുമാണ് നിക്ഷേപകരുടെ ആവശ്യം.

വായ്പയെടുത്ത അഞ്ചുലക്ഷത്തിന്റെ തിരിച്ചടവു മുടങ്ങി

എട്ടുലക്ഷം തിരിച്ചടയ്ക്കാമെന്ന് അറിയിച്ചിട്ടും ജപ്തി നടപടിയുമായി ബാങ്ക് അധികൃതർ

വെള്ളറട: ബാങ്ക് ലോൺ തിരിച്ചടവു മുടങ്ങിയതെടെ കോട്ടക്കൽ പ്ലാവിള പുത്തൻവിട്ടിൽ ജോയിയുടെ വീട് ബാങ്ക് അധിക്തർ ജപ്തിചെയ്യാൻ ഒരുങ്ങുന്നു. 10 വർഷം മുമ്പ് ബാങ്കിൽ നിന്നും വീട് വയ്ക്കാനായി അഞ്ചു ലക്ഷം രൂപ വായ്പ്പെടുത്തിരുന്നു.

എന്നാൽ ഓഖി ദുരന്തത്തിൽ കർഷകനായ ജോയിയുടെ 5000 ത്തിലധികം വാഴകൾ നശിച്ചിരുന്നു. ഇതേതുടർന്ന് കടക്കാരനായതോടെ തിരിച്ചടവു മുടങ്ങുകയായിരുന്നു.

ബന്ധുക്കളുടെ ഇടപെടലിൽ എട്ടുലക്ഷം രൂപ കണ്ടെത്തിയെങ്കിലും 11 ലക്ഷം തിരിച്ചടച്ചാൽ മാത്രമേ ജപ്തിയിൽ നിന്നും ഒഴിവാക്കു എന്നതാണ് ബാങ്ക് നിലപാട്.

വായ്പ എടുത്ത് ജോയി നിർമിച്ച വീടിനു മുന്നിൽ ബാങ്ക് അധികൃതർ ജപ്തി നോട്ടീസ് പതിപ്പിച്ചിരിക്കുന്നു.

മുഖ്യമന്ത്രിയുടെ നവകേരള സദസിലടക്കം ആറ് തവണ ജോയി പരാതി നൽകിയിട്ടും നടപടിയുണ്ടായില്ലെന്ന് ജോയി ആരോപിക്കുന്നു. വീട് ജപ്തി ചെയ്യുമെന്ന ബോർഡും അധികൃതർ വീടിനു മുന്നിൽ സ്ഥാപിച്ചു.

വായ്പാ തിരിച്ചടവ് കാലയളവ് 15 വർഷമാണെന്നും 10 വർഷം ആകും മുമ്പ് തന്നെ എട്ട് ലക്ഷം അടയ്ക്കാൻ ശ്രമിച്ചിട്ടും ബാങ്ക് ജപ്തി നടപടിയുമായി മുന്നോട്ടുപോകുന്നത് പ്രതിഷേധാർഹമാണെന്ന് നാട്ടുകാർ പറയുന്നു. രണ്ടു പെൺമക്കൾ മാത്രമുള്ള ജോയുയുടെ ഇളയ മകൾ കോളജ് വിദ്യാർഥിനിയാണ്. വിഷയത്തിൽ സർക്കാർ ഇടപെട്ട് പ്രശ്ന പരിഹാരം ഉണ്ടാക്കണമെന്ന് നാട്ടുകാർ ആവശപ്പെട്ടു.

പൂന്തുറയിൽ വീട് കുത്തിത്തുറന്ന് മോഷണ ശ്രമം

പൂന്തുറ: അടച്ചിട്ടിരുന്ന വീട് കുത്തിത്തുറന്ന് മോഷണ ശ്രമം നടന്നതായി പരാതി. പൂന്തുറ ബലവാൻനഗറിൽ അർഷാദിന്റെ വീട്ടിലാണ് മോഷണ ശ്രമം നടന്നത്.

കഴിഞ്ഞ ദിവസം വീട്ടുകാർ വീട് പൂട്ടി ബന്ധുവീട്ടിൽ പോയിരുന്നു.

ചൊവ്വാഴ്ച രാവിലെ അർഷാദും കുടുംബവും വീട്ടിലെത്തിയപ്പോഴാണ് വീടിന്റെ വാതിൽ കുത്തിത്തുറന്ന നിലയിൽ കണ്ടത്. വീട്ടുകാർ നടത്തിയ പരിശോധനയിൽ വീട്ടിൽ നിന്നും യാതൊന്നും നഷ്ടപ്പെട്ടിരുന്നില്ല. തുടർന്ന് അർഷാദ് പൂന്തുറ പോലീസ് സ്റ്റേഷനിലെത്തി പരാതി നൽകുകയായിരുന്നു. പരാതിയിൻമേൽ കേസെടുത്ത പോലീസ് അന്വേഷണം ആരംഭിച്ചു.

നിരോധിത പുകയില ഉത്പന്നങ്ങൾ വിൽപ്പന നടത്തിയവർ പിടിയിൽ

നെടുമങ്ങാട്: ആര്യനാട് ചക്കിപ്പാറ ഭാഗത്ത് നിരോധിത പുകയില ഉത്പന്നങ്ങൾ വിൽപ്പന നടത്തുന്നതായി ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് നടത്തിയ പരിശോധനയിൽ ചക്കിപ്പാറ മരുതിക്കൽ വീട്ടിൽ മണിക്കുട്ടൻ എന്ന് വിളിക്കുന്ന രതീഷ് (38), കാനക്കുഴി ദിവ്യ ദേവനിൽ വസന്ത (60) പുനലാൽ, ലെനിൻരാജ് ഭവനിൽ രാജു എന്ന് വിളിക്കുന്ന റോബിൻസൺ(68) എന്നിവരെ അറസ്റ്റ് ചെയ്തു.

ഇവരിൽ നിന്നും നൂറ്റമ്പതോളം പായ്ക്കറ്റ് നിരോധിത പുകയില ഉത്പന്നങ്ങൾ പിടികൂടി. പ്രതികൾ നേരത്തേയും നിരോധിത ലഹരിവസ്തുക്കൾ വിൽപ്പന നടത്തിയതിന് പിടിയിലായിട്ടുള്ളവരാണ്.

ഓണത്തോടനുബന്ധിച്ച് ആര്യനാട് പോലീസ് നിരോധിത ലഹരിവസ്തുക്കൾക്കും വ്യാജവാറ്റ് തടയുന്നതിനുമെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി നടത്തിയ റെയ്ഡിലാണ് നിരോധിത പുകയില ഉത്പന്നങ്ങളുമായി ഇവരെ പിടികൂടിയത്.

നിരോധിത പുകയില ഉത്പന്നങ്ങൾ വിൽപ്പന നടത്തിയ പ്രതികളെ പോലീസ് പിടികൂടിയപ്പോൾ.

നേമം താലൂക്ക് ആശുപത്രിക്ക് മുന്നിൽ ഫ്രാൻസ് സംഘടിപ്പിച്ച കൂട്ടധർണ.

കൂട്ടധർണ സംഘടിപ്പിച്ചു

നേമം: ആശുപത്രിക്കായി കോടികൾ ചെലവിട്ട് നിർമിച്ച കെട്ടിടത്തിൽ രോഗികളെ പ്രവേശിപ്പിക്കണമെന്നും, കൂടുതൽ ഡോക്ടർമാരെയും, നഴ്സുമാരെയും, ലാബ് ജീവനക്കാരെയും നിയമിക്കണമെന്നും, ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കണമെന്നും ആവശ്യപ്പെട്ട് നേമം പ്രദേശത്തെ റസിഡന്റ്സ് അസോസിയേഷനുകളുടെ കൂട്ടായ്മയായ ഫ്രാൻസിന്റെ ആഭിമുഖ്യത്തിൽ നേമം താലൂക്ക് ആശുപത്രിക്ക് മുന്നിൽ കൂട്ടധർണ സംഘടിപ്പിച്ചു.

ധർണ ഫ്രാൻസ് രക്ഷാധികാരി ആർ.എസ്. ശശികുമാർ ഉദ്ഘാടനം ചെയ്തു. മണ്ണാങ്കൽ രാമചന്ദ്രൻ, കൗൺസിലർ എം.ആർ. ഗോപൻ, രാഗേഷ്, കമ്പറ നാരായണൻ, ആർ.ജയലക്ഷ്മി, വി.ലതാകുമാരി, കെ.കെ.ചന്തു കൃഷ്ണ, ശാന്തിവിള വിനോദ്, എസ്. സുമോദ്, ആർ.വിജയൻ നായർ, ജയദാസ് സ്റ്റീഫൻസൺ, ആർ.കേശവൻ നായർ, കെ.ബി ഗോപകുമാർ എന്നിവർ പ്രസംഗിച്ചു.

ഹേമാ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട് സർക്കാർ ഒന്നും ചെയ്തില്ല : രമേശ് ചെന്നിത്തല

നെയ്യാറ്റിൻകര: ഹേമാ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട് ചെയ്യേണ്ടതൊന്നും ഗവൺമെന്റ് ചെയ്തില്ലെന്നും ഭരിക്കാനറിയാത്തവർ ഭരിക്കുന്ന ദുരന്തമാണ് കഴിഞ്ഞ എട്ടു വർഷമായി കേരളം അനുഭവിക്കുന്നതെന്നും മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല. കേരള എൻജിഒ അസോസിയേഷൻ തിരുവനന്തപുരം സൗത്ത് ജില്ലാ സമ്മേളനം ബാലരാമപുരം വഴിമുക്ക് മണവാട്ടി ഓഡിറ്റോറിയത്തിലെ ഉമ്മൻചാണ്ടി നഗറിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഇടതു സർക്കാർ കേരളത്തിലെ ജീവനക്കാരോട് രാഷ്ട്രീയ പക്ഷപാത സമീപനമാണ് പുലർത്തുന്നത്. യുഡിഎഫ് ഗവ. ജീവനക്കാർക്ക് പരമാവധി ആനുകൂല്യം നൽകിയിട്ടുണ്ട്. അവകാശങ്ങൾ കവർന്നെടുക്കലാണ് എൽഡിഎഫ് സർക്കാർ ചെയ്യുന്നത്. മെഡിക്കൽ റീ ഇംപേഴ്സ്മെന്റും മെഡിസെപ്പും നിലവിലില്ല. സാമ്പത്തിക തകർച്ചയിലേയ്ക്ക് കേരളത്തെ എത്തിച്ചതിന്റെ പൂർണ ഉത്തരവാദിത്വവും ഇടതു സർക്കാരിനാണെന്ന് ചെന്നിത്തല ആരോപിച്ചു.

ജീവനക്കാരുടെ ക്ഷാമബത്ത കുടിശിക ഏഴ് ഗഡുക്കളിലായി 22 ശതമാനമായിട്ടും അനുവദിക്കാൻ തയാറായിട്ടില്ല. ലീവ് സറണ്ടർ ലഭിച്ചിട്ട് അഞ്ച് വർഷം കഴിഞ്ഞു. അസംബ്ലിയിൽ ആവർത്തിച്ച് ചോദിച്ചിട്ടും മറുപടിയില്ല. ട്രാൻസ്ഫറുകളും പ്രമോഷനുകളും അട്ടിമറിക്കപ്പെട്ടു. അപ്രഖ്യാപിത നിയമന നിരോധനമാണുള്ളത്. കിഫ്ബി വെള്ളാനയായി മാറി. പദ്ധതി പ്രവർത്തനങ്ങളെല്ലാം ഇടതു സർക്കാർ നിർത്തി വച്ചിരിക്കുകയാണെന്നും രമേശ് ചെന്നിത്തല കൂട്ടിച്ചേർത്തു.

ജില്ലാ പ്രസിഡന്റ് വി.എസ്. രാഘേഷ് അധ്യക്ഷത വഹിച്ചു. അഡ്വ. എം. വിൻസന്റ് എംഎൽഎ മുഖ്യപ്രഭാഷണം നടത്തി. നേതാക്കളായ എ.ടി. ജോർജ്, നെയ്യാറ്റിൻകര സനൽ, ആർ. വത്സലൻ, വിൻസന്റ് ഡി. പോൾ, അഡ്വ. എസ്.കെ. അശോക് കുമാർ, അഡ്വ. സി.ആർ. പ്രാണകുമാർ, ജെ. ജോസ് ഫ്രാങ്ക്ളിൻ, അഡ്വ. കെ. വിനോദ് സെൻ എന്നിവർ സംബന്ധിച്ചു. പ്രതിനിധി സമ്മേളനം കേരള എൻജിഒ അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ചവറ ജയകുമാറും സംഘടനാ ചർച്ച സംസ്ഥാന ജനറൽ സെക്രട്ടറി എ .എം.ജാഫർ ഖാനും ഉദ്ഘാടനം ചെയ്തു.

കേരള എൻജിഒ അസോസിയേഷൻ തിരുവനന്തപുരം സൗത്ത് ജില്ലാ സമ്മേളനം മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യുന്നു.

ഡെയ്‌ല 30ന് വിഴിഞ്ഞത്ത് എത്തും

വിഴിഞ്ഞം : വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തേക്ക് മറ്റൊരു കൂറ്റൻ മദർഷിപ്പ് കൂടി എത്തും. ലോകത്തെ ഏറ്റവും വലിയ കപ്പൽ കമ്പനികളിലൊന്നായ എംഎസ്സിയുടെ ഏറ്റവും വലിയ കപ്പലുകളിലൊന്നായ ഡെയ്‌ല എന്ന കണ്ടെയ്നർ കപ്പലാണ് 30ന് വിഴിഞ്ഞം തുറമുഖ ബർത്തിൽ നങ്കൂരമിടുക.



13,988 കണ്ടെയ്നറുകൾ വഹിക്കാൻ ശേഷിയുള്ള 51 മീറ്റർ വീതിയും 366 മീറ്റർ നീളവുമുള്ള വമ്പൻ കണ്ടെയ്നർ കപ്പലാണ് വിഴിഞ്ഞത്തേക്ക് എത്തുന്നതെന്ന് അധികൃതർ അറിയിച്ചു. കഴിഞ്ഞ മാസം 12 ന് വിഴിഞ്ഞത്തെത്തി മടങ്ങിയ സാൻ ഫെർണാണ്ടോ എന്ന മദർഷിപ്പാണ് വിഴിഞ്ഞത്ത് ഇതുവരെ എത്തിയതിൽ ഏറ്റവും വലിയ കപ്പൽ.

2500 കണ്ടെയ്നറുകളുമായി വിഴിഞ്ഞത്തെത്തിയ സാൻ ഫെർണാണ്ടോയിൽ നിന്നും 1960 കണ്ടെയ്നറുകളാണ് പരീക്ഷണാടിസ്ഥാനത്തിൽ വിഴിഞ്ഞത്ത് ഇറക്കിയത്.

30 ന് വിഴിഞ്ഞത്തെത്തുന്ന എംഎസ്സി ഡെയ്‌ല എന്ന മദർഷിപ്പ് ആഫ്രിക്കയിൽ നിന്ന് മുംബൈ വഴിയാണ് വിഴിഞ്ഞത്തേക്ക് എത്തുന്നത്.

ആദ്യഘട്ട ഉദ്ഘാടനം അടുത്ത മാസം നടത്താനുള്ള ഒരുക്കങ്ങൾ ധൃതഗതിയിൽ നടക്കുന്നതിന്റെ ഭാഗമായാണ് പരീക്ഷണാടിസ്ഥാനത്തിൽ തുറമുഖത്തിന്റെ ചരക്ക് നീക്ക ശേഷി ശക്തിപ്പെടുത്താനായി കണ്ടെയ്നറുകളുമായി കൂറ്റൻ മദർഷിപ്പുകളെ വിഴിഞ്ഞത്തേക്ക് എത്തിക്കുന്നത്.

ഗുരു മാർഗി സജീവ് നാരായണ ചാക്യാർക്ക് നാട്യരത്ന പുരസ്കാരം

തിരുവനന്തപുരം : ഗുരു മാർഗി സജീവ് നാരായണ ചാക്യാർക്ക് നാട്യരത്ന പുരസ്കാരവും രാമായണ പാരായണ വിദഗ്ധൻ പി. കെ. ഗോപകുമാരന് രാമായണാചാര്യ പുരസ്കാരവും ലഭിച്ചു.

ഇന്ന് വിവേകാനന്ദ കേന്ദ്രത്തിൽ നടക്കുന്ന സാംസ്കാരിക സമ്മേളനത്തിൽ കേന്ദ്ര സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. ജാൻസി ജെയിംസും മാർഗി ദൃശ്യവേദി സെക്രട്ടറി എസ് ശ്രീനിവാസൻ എന്നിവൻ പുരസ്ക്കാരം കൈമാറും. ചടങ്ങ് അടൂർ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യും.

നിർമ്മാണോദ്ഘാടനം സംഘടിപ്പിച്ചു

പാങ്ങോട്: പാങ്ങോട് കെവി യുപിഎസിൽ പുതുതായി നിർമിക്കുന്ന എസി ബഹുനില മന്ദിരത്തിന്റേയും ടർഫിന്റേയും നീന്തൽ കുളത്തിന്റെയും നിർമാണോദ്ഘാടനം മന്ത്രി വി.ശിവൻകുട്ടി നിർവഹിച്ചു.

ആറു കോടി ചെലവിൽ സ്കൂൾ മാനേജ്മെന്റാണ് ആധുനിക രീതിയിലുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നത്. ഡി.കെ.മുരളി എംഎൽഎ അധ്യക്ഷത വഹിച്ച ചടങ്ങിൽ സ്കൂൾ മാനേജർ എ.ജി. നൗഷാദ്, സ്വാഗതസംഘം ചെയർമാനും പാങ്ങോട് പഞ്ചായത്ത് പ്രസിഡന്റുമായ എം.എം. ഷാഫി, വാമനപുരം ബ്ലോക്ക് വൈസ് പ്രസിഡന്റ് എസ്.എം. റാസി, പിടിഎ പ്രസിഡന്റ് അബൂബേക്കർ, പാങ്ങോട് സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് എൻ.ബാബു, ഹാഷിം പഴവിള, ഹക്കിം പാങ്ങോട്, നജീബ് പാങ്ങോട്, ഷാജഹാൻ പാങ്ങോട്, അനീഷ് തുടങ്ങിയവർ പങ്കെടുത്തു.

പാങ്ങോട് കെവി യുപിഎസിലെ ബഹുനില മന്ദിരത്തിന്റെ നിർമാണോദ്ഘാടനം മന്ത്രി വി.ശിവൻകുട്ടി നിർവഹിക്കുന്നു.

കർഷകർക്ക് ആവേശമായി കീഴ്ക്കൊല്ലയിലെ വിളവെടുപ്പുത്സവം

നെയ്യാറ്റിൻകര : നെയ്യാറ്റിൻകര നഗരസഭയുടെയും കൃഷിഭവന്റെയും സംയുക്താഭിമുഖ്യത്തിൽ അമരവിള കീഴ്ക്കൊല്ല ഏലായിൽ എ ഗ്രേഡ് വെജിറ്റബിൾ ക്ലസ്റ്റർ വിളവെടുപ്പ് ഉത്സവം കെ.ആൻസലൻ എംഎൽഎ ഉദ്ഘാടനം ചെയ്തു.

നഗരസഭ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ കെ.കെ.ഷിബു അധ്യക്ഷനായി. വാർഡ് കൗൺസിലർ സരള രത്നം, നഗരസഭ കൃഷി ഓഫീസർ ടി. സജി, കീഴ് ക്കൊല്ല എ ഗ്രേഡ് വെജിറ്റബിൾ ക്ലസ്റ്റർ സെക്രട്ടറി പി. അജി, പ്രസിഡന്റ് ആർ. ബാലരാജ്, കർഷകർ എന്നിവർ പങ്കെടുത്തു. നഗരസഭ പരിധിയിലെ കീഴ്ക്കൊല്ല ഏലായിൽ 22 കർഷകരാണ് എ ഗ്രേഡ് വെജിറ്റബിൾ ക്ലസ്റ്ററിലുള്ളത്.

കീഴ്ക്കൊല്ല ഏലായിൽ ഇന്നലെ സംഘടിപ്പിച്ച എ ഗ്രേഡ് വെജിറ്റബിൾ ക്ലസ്റ്റർ വിളവെടുപ്പ് ഉത്സവം കെ. ആൻസലൻ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

ലൊയോള കോളജിൽ സീറ്റൊഴിവ്

ശ്രീകാര്യം: ലൊയോള കോളജ് ഓഫ് സോഷ്യൽ സയൻസിൽ എംഎ സോഷ്യോളജി എംഎസ്സി കൗൺസിലിംഗ് സൈക്കോളജി (എസ്സി, എസ്ടി) എന്നീ കോഴ്സുകൾക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യതയുള്ളവർ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം നാളെ രാവിലെ 9.30നു കോളജിൽ ഹാജരാകണമെന്ന് അധികൃതർ അറിയിച്ചു. ഫോൺ: 0471 2592059, 2591018.

അഷ്ടമംഗല ദേവപ്രശ്നം

നെടുമങ്ങാട്: ആലംകോട് സ്വയംഭൂ ശ്രീ ധർമശാസ്താ ക്ഷേത്രത്തിൽ ഇന്നും നാളെയും അഷ്ടമംഗല ദേവപ്രശ്നം നടക്കും. ജ്യോത്സ്യൻ ഇടവട്ടം ഗോപിനാഥൻ മുഖ്യ കാർമികത്വം വഹിക്കും.

തിട്ടമംഗലത്തെ ക്ഷീരവ്യവസായ സഹകരണസംഘം ഓർമയാകുന്നു

പേരൂർക്കട: ക്ഷീര കർഷകരുടെ പ്രതീക്ഷയും ജീവിതവുമായിരുന്ന വട്ടിയൂർക്കാവ് തിട്ടമംഗലത്തെ ക്ഷീരവ്യവസായ സഹകരണസംഘം ഓർമയാകുന്നു. നിരവധി ക്ഷീരകർഷകരിൽ നിന്ന് പാൽ സംഭരിച്ച ശേഷം തിട്ടമംഗലത്തെ ഈ ഔട്ട്ലെറ്റ് വഴിയാണ് ദിനംപ്രതി നൂറുകണക്കിന് ലിറ്റർ പാൽ വിൽപ്പന നടത്തിവന്നിരുന്നത്.

പട്ടത്തെ മിൽമയുടെ നിയന്ത്രണത്തിലാണ് ഈ സ്ഥാപനം പ്രവർത്തിച്ചുവന്നിരുന്നത്. 1960ൽ സ്ഥാപിക്കപ്പെട്ട 3211-ാം നനമ്പർ ക്ഷീരവ്യവസായ സഹകരണസംഘം കെട്ടിടം തകർന്ന് ശോച്യാവസ്ഥയിൽ കാടും പടർപ്പും കയറി ക്കിടക്കുകയാണ് ഇപ്പോൾ. ഉപയോഗ ശൂന്യമായ കെട്ടിടത്തിന്റെ വാതിലുകൾ തകർന്നു കിടക്കുന്നതിനാൽ മദ്യപാനികളും സാമൂഹികവിരുധരും ഇവിടം താവളം ആക്കുന്നതായി നാട്ടുകാർ ആരോപിക്കുന്നു. സംഘത്തിന്റെ മികച്ച പ്രവർത്തനം മുൻനിർത്തി ജി. കാർത്തികേയൻ എംഎൽഎ ആയിരുന്നപ്പോൾ ഇതിനെ വിവിധോദ്ദേശ്യ സഹകരണ സംഘമാക്കി മാറ്റാൻ ശ്രമിച്ചുവെങ്കിലും ചിലരുടെ എതിർപ്പുമൂലം അതുണ്ടായില്ല.

ഭരണസമിതിയിലെ ഐക്യമില്ലായ്മയും സാമ്പത്തിക പ്രശ്നങ്ങളും കൂടി വന്നതോടെ സ്ഥാപനം മുന്നോട്ടുപോകുന്ന കാര്യത്തിൽ സംശയമായി. ഇതോടെ സ്ഥാപനത്തിന് പൂട്ടുവീഴുകയായിരുന്നു. ഒരു സെക്രട്ടറി, സ്വീപ്പർ, ഔട്ട്ഡോർ ജോലിക്ക് ഒരു ജീവനക്കാരൻ എന്നിവരാണ് സംഘത്തിൽ ഉണ്ടായിരുന്നത്. കാലിത്തീറ്റ സംഭരണത്തിന് പ്രത്യേക മുറിയും ഓഫീസിനോടു ചേർന്ന് ഉണ്ടായിരുന്നു. ഓഫീസിലെ ശീതീകരണി, മറ്റുപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവ കെട്ടിടത്തിൽ ഇപ്പോഴും ജീർണിച്ച നിലയിലുണ്ട്. കെട്ടിടത്തിന്റെ ഒരുഭാഗം ഇടിഞ്ഞുവീണ നിലയിലാണ്.

നിരന്തരമുള്ള പരാതികളെ തുടർന്ന് അധികൃതർ ഇവിടെയെത്തി നാശനഷ്ടങ്ങൾ വിലയിരുത്തി ചർച്ചകൾ നടത്തിയെങ്കിലും ലക്ഷ്യം എങ്ങുമെത്തിയില്ലെന്നു ബിജെപി ഏരിയാ പ്രസിഡന്റ് തിട്ടമംഗലം ഹരി പറയുന്നു.

തിട്ടമംഗലത്തെ ക്ഷീരവ്യവസായ സഹകരണസംഘം ഓർമയാകുന്നു

E2408-537462

SOUTH INDIAN Bank

റീജണൽ ഓഫീസ് കണ്ണൂർ
എസ്.ഐ.ബി. ഹൗസ്, ചാലാട് - അലവിൽ റോഡ്, കണ്ണൂർ പിൻ: 670 014, കേരള, ഫോൺ: +91 497 2713233/34/35
email: ro1016@sib.co.in, CIN No.L65191KL1929PLC001017
രജി. ഓഫീസ്: എസ്.ഐ.ബി ഹൗസ്, ടി.ബി. റോഡ്, തൃശ്ശൂർ-680001, കേരള, ഫോൺ: 0487 2420020
E-mail: sibcorporate@sib.co.in, Website: www.southindianbank.com

വസ്തു ഇ–ലേല വിൽപ്പന നോട്ടീസ് [റൂൾ–8 (6) & 9(1)]

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് നിയമം, 2002 പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് 2002 റൂൾ 8 (6) & 9 (1) പ്രകാരവും വായ്പ്പക്കാരെയും ജാമ്യക്കാരെയും പൊതുജനങ്ങളെയും അറിയിക്കുന്ന സ്ഥാവരവസ്തു ഇ-ലേല വിൽപ്പന നോട്ടീസ്.

വായ്പ്പക്കാർ/ജാമ്യക്കാർ: **(1) M/s. അറഫ ഗോൾഡ്**, പ്രതിനിധീകരിച്ചുകൊണ്ട് പാർട്ണർമാർ, അജ്മൽ ആർക്കേഡ്, മെയിൻ റോഡ്, കാഞ്ഞങ്ങാട്, കാസർകോട് ജില്ല - 671315, **(2) ശ്രീ. ഷിഹാബുദ്ദീൻ പി.**, പാർട്ണർ, S/o അബ്ദുൾ റഹിമാൻ പാട്ടില്ലത്ത്, മുബാറക് മൻസിൽ, അജനൂർ, മാണിക്കോത്ത് പി.ഒ., കാസർകോട് ജില്ല 671316, **(3) ശ്രീ. മുഹമ്മദ് ഷാഫി പി.**, പാർട്ണർ, S/o അബ്ദുൾ റഹിമാൻ ഹാജി പാട്ടില്ലത്ത്, 'അറഫാസ്', തെക്കേപ്പുറം, അജനൂർ, മാണിക്കോത്ത് പി.ഒ., കാസർകോട് ജില്ല - 671316, **(4) ശ്രീ. ബഷീർ പി.**, ബാസിത്ത് മൻസിൽ, മസ്ജിദ് റോഡ്, കാഞ്ഞങ്ങാട് കടപ്പുറം, ഹൊസ്ദുർഗ്, കാസർകോട് ജില്ല 671315, **(5) ശ്രീമതി. റസിയ കെ.**, ബാസിത്ത് മൻസിൽ, മസ്ജിദ് റോഡ്, കാഞ്ഞങ്ങാട് കടപ്പുറം, ഹൊസ്ദുർഗ്, കാസർകോട് ജില്ല 671315, **(6) ശ്രീ മാടമ്പില്ലത്ത് ഇബ്രാഹിം**, ഖൈർ മൻസിൽ, പഴയ ബീച്ച്, കാഞ്ഞങ്ങാട് സൗത്ത്, ഹൊസ്ദുർഗ്, കാസർകോട് ജില്ല 671315.

താഴെ പറയുന്ന വസ്തുവഹകൾ **സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ കാഞ്ഞങ്ങാട് ബ്രാഞ്ചിൽ** (സെക്യൂർഡ് ക്രഡിറ്റർ) ജാമ്യവസ്തുക്കളായി നൽകിയിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ (സെക്യൂർഡ് ക്രഡിറ്റർ) കൈവശത്തിലെടുത്തിട്ടുള്ളതും ബഹുമാനപ്പെട്ട DRT-1 എറണാകുളം മുമ്പാകെ ഫയൽ ചെയ്ത O. A 62/2019 ക്ലെയിം പ്രകാരം സൗത്ത് ഇന്ത്യൻ ബാങ്ക് കാഞ്ഞങ്ങാട് ബ്രാഞ്ചിന് (സെക്യൂർഡ് ക്രഡിറ്റർ) മുകളിൽ പറഞ്ഞ വായ്പ്പക്കാർ/ജാമ്യക്കാർ എന്നിവരിൽ നിന്നും 25.08.2024 മുതൽ കിട്ടുവാനുള്ള തുകയായ **18,91,08,762.39 (പതിനെട്ട് കോടി തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി എട്ടായിരത്തി എഴുനൂറ്റി അറുപത്തി രണ്ട് രൂപ മുപ്പത്തിയൊമ്പത് പൈസ മാത്രം)** കൂടാതെ പലിശയും മറ്റു ചിലവുകളും സഹിതം തിരിച്ചുപിടിക്കുന്നതിനായി വസ്തുവഹകൾ ഇപ്പോൾ എവിടെയാണോ എങ്ങിനെയാണോ ഏതൊക്കെയാണോ എന്ന അടിസ്ഥാനത്തിൽ **19.09.2024**ന് ബാങ്ക് വിൽക്കുന്നതായിരിക്കും.

സ്ഥാവര വസ്തുക്കളുടെ വിവരങ്ങൾ

വസ്തു ഉടമയുടെ പേര്: ശ്രീ. മുഹമ്മദ് ഷാഫി, **വസ്തുവിന്റെ വിവരണം:** തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിലെ തേക്കട വില്ലേജിലെ പഴയ സർവേ നമ്പർ 2721, റീസർവ്വെ നമ്പർ.101/5, കന്യാകുളങ്ങര എസ്.ആർ.ഒയിൽ 17.10.2014ന് രജിസ്റ്റർ ചെയ്ത 2450/2014 വിൽപ്പന ആധാരപ്രകാരം ശ്രീ. മുഹമ്മദ് ഷാഫിയുടെ ഉടമസ്ഥതയിൽ ഏകദേശം 4931.52 സ്ക്വയർഫീറ്റ് വിസ്തീർണ്ണമുള്ള റസിഡൻഷ്യൽ ബിൽഡിംഗും കൈവശങ്ങളും ദേഹണ്ഡങ്ങളുമടക്കം പുരോഗതിയോട് കൂടിയ എല്ലാ അവകാശങ്ങളുമടക്കം 34.20 ആർസ് (84.47 സെന്റ്) സ്ഥലം. **അതിർത്തികൾ:** വടക്ക്: പഞ്ചായത്ത് തടം (ഇപ്പോൾ റോഡ്), കിഴക്ക്: ശ്രീ. സുന്ദരേശൻ നായരുടെ സ്ഥലം, തെക്ക്: ശ്രീ. സുന്ദരേശന്റെ (ഇപ്പോൾ ശ്രീമതി. ഷീജയുടെ) സ്ഥലം, പടിഞ്ഞാറ്: ശ്രീ. സജിയുടെ സ്ഥലം.

കരുതൽ വില: 78,85,300 (എഴുപത്തി എട്ട് ലക്ഷത്തി എൺപത്തി അയ്യായിരത്തി മുന്നൂറ് രൂപ മാത്രം)
നിരതദ്രവ്യം (EMD): 7,88,530/ (ഏഴ് ലക്ഷത്തി എൺപത്തിയെട്ടായിരത്തി അഞ്ഞൂറ്റി മുപ്പത് രൂപ മാത്രം) (EMD 18.09.2024ന് വൈകു. 5 മണിക്കോ അല്ലെങ്കിൽ അതിനുമുമ്പായോ നിക്ഷേപിക്കാവുന്നതാണ്
ബിഡ് ഇൻക്രിമെന്റ് തുക: 10,000 (പത്തായിരം രൂപ മാത്രം)
ഇ-ലേലത്തിന്റെ തിയതിയും സമയവും: 19.09.2024ന് ഉച്ചക്ക് 2 മുതൽ 3 വരെ വിൽപ്പന അവസാനിക്കുന്നത് വരെ 5 മിനിറ്റ് പരിധിയില്ലാത്ത ദൈർഘ്യത്തോട് കൂടി.
ബാങ്കിന് അറിയാവുന്ന ബാധ്യതകൾ: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ലഭിച്ച ഇസി/സെർച്ച് റിപ്പോർട്ട് പ്രകാരം 01.01.2014 മുതൽ 17.05.2024 വരെ, ബാധ്യതകൾ ഒന്നും തന്നെ ഇല്ല

വിൽപ്പനയുടെ കൂടുതൽ വിവരങ്ങളും ഉപാധികളും അറിയുന്നതിന് സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ (സെക്യൂർഡ് ക്രെഡിറ്റർ) വെബ്സൈറ്റ് സന്ദർശിക്കുക. www. southindianbank.com വിശദാംശങ്ങൾ https://bankauctions.in ലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും വസ്തുവിന്റെ പരിശോധനയ്ക്കും, ലേലം വിളിക്കാൻ ഉദ്ദേശിക്കുന്നവർക്ക് അധികാരപ്പെടുത്തിയ ഓഫീസറെ ബന്ധപ്പെടാവുന്നതാണ്. (ഫോൺ: 0497 2713234/2713235) അല്ലെങ്കിൽ സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ് ബ്രാഞ്ച് **കാഞ്ഞങ്ങാട്** 0467 2205866, സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ് റീജിയണൽ ഓഫീസ് കണ്ണൂരുമായി 6282084874 എന്ന നമ്പറിലോ പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെടുക.

കണ്ണൂർ 26.08.2024 (ഒപ്പ്)അധികാരപ്പെടുത്തിയ ഓഫീസർ, ദി സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ്

C2408-539504